Despatched on 26/12/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

ഹർജി നമ്പർ **CP No. 748(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 13695/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.എം. ജോർജ്ജ്,
വടക്കേവിള,
ഡൈമുക്ക് (പി.ഒ),
വണ്ടിപെരിയാർ - 685 533.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസ് മഞ്ചുമല,
വണ്ടിപെരിയാർ, ഇടുക്കി - 685 533.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/07/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 13/08/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 17/08/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/12/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 16/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എം.എം. ജോർജ്ജ്, 13/08/2019 തീയതി സമർപ്പിച്ച പരാതി ഹർജി 17/08/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 748(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 02/07/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ പകർപ്പുകൾ നൽകണമെന്നാണ്:

1. 2002–നു ശേഷം RBT എസ്റ്റേറ്റ് കൈമാറ്റം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആധാരം കൈമാറ്റം നടത്തിയിട്ടുള്ള ആധികാരിക രേഖയുടെ പകർപ്പും, കൈമാറ്റത്തിന്റെ ആധികാരിക രേഖ വില്ലേജിൽ അടിസ്ഥാന നികുതി ബുക്കിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പും
2. മഞ്ചുമല എസ്റ്റേറ്റിന്റെ തോട്ടനികുതി സർക്കാർ ഈടാക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആരുടെ പേരിലാണെന്നും, സ്ഥലത്തിന്റെ കരമടയ്ക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്, മേൽവിലാസം എന്നു മുതൽ കരം അടയ്ക്കുന്നത് എന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 23/07/2019–ന് നൽകിയിട്ടുള്ളതുമാണ്.

4. എതിർകക്ഷി 19/12/2019–ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 08/07/2019–ൽ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പരാതി കക്ഷിക്ക് 23/07/2019–ന് മറുപടി തപാൽ മുഖേന അയച്ചിട്ടുള്ളതും ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അസ്സൽ അപേക്ഷയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരത്തിനു 23/07/2019 ന് നൽകിയ മറുപടി വീണ്ടും അയച്ചു നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 16–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ **കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)